## പതിമൂന്നാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ റ്റി. 3775 19-2-2013-ലെ മറുപടിക്ക്.

### അന്യ സംസ്ഥാന തൊഴിലാളികളുടെ മറവിൽ വിധ്വംസക പ്രവർത്തനം

**ചോദ്യം :**

ശ്രീ. എ. കെ. ശശീന്ദ്രൻ

**ഉത്തരം :**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| | അന്യ സംസ്ഥാന തൊഴിലാളികളുടെ മറവിൽ വിധ്വംസക പ്രവർത്തനം നടത്തുന്നവർ സംസ്ഥാനത്ത് എത്തിച്ചേരുന്നത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | | അന്യ സംസ്ഥാന തൊഴിലാളികളുടെ മറവിൽ ആരെങ്കിലും വിധ്വംസക പ്രവർത്തനം നടത്തുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. ദേശവിരുദ്ധ ശക്തികളോ വിഘടന വാദികളോ വിധ്വംസക പ്രവർത്തകരോ കടന്നു കയറുന്നത് തടയാൻ മുൻകരുതൽ എന്ന നിലയ്ക്ക് നിരീക്ഷണം നടത്താൻ പോലിസ് ഹെഡ് ക്വാർട്ടേഴ്സ് എക്സിക്യൂട്ടീവ് ഡയറക്ടീവ് 13/09 പ്രകാരം പോലീസ് സ്റ്റേഷനുകളിലെ എസ്. എച്ച്. ഒ മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതനുസരിച്ച് അന്യ സംസ്ഥാന തൊഴിലാളികളുടെ പേര്, മേൽ വിലാസം, ഫോട്ടോ എന്നിവ സഹിതമുള്ള വിവരങ്ങൾ അതതു പോലീസ് സ്റ്റേഷനുകളിലെ മൈഗ്രന്റ് ലേബറേഴ്സ് രജിസ്റ്ററിൽ സൂക്ഷിച്ചു വരുന്നു.<br>കൂടാതെ അന്യ സംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും നൽകുന്നത് സംബന്ധിച്ച കരട് ബില്ലിൽ (Kerala Migrant workers (Conditions of Service and Compulsory Registration ) Social Security Act) അന്യ സംസ്ഥാന തൊഴിലാളികൾ എന്ന പേരിൽ ഇവിടെയെത്തുന്നവർ അന്യരാജ്യക്കാർ |

| | | | |
|---|---|---|---|
| | | | ആണോ എന്ന് പരിശോധിച്ച ശേഷമേ ഇവർക്കു തിരിച്ചറിയൽ കാർഡും, രജിസ്ട്രേഷനും നൽകേണ്ടതുള്ളൂ എന്നും ഇവരുടെ പ്രവർത്തന പശ്ചാത്തലവും ക്രിമിനൽ പശ്ചാത്തലവും വിലയിരുത്തണമെന്നുമുള്ള ആഭ്യന്തര വകുപ്പിന്റെ നിർദ്ദേശങ്ങൾ തൊഴിൽ വകുപ്പിന് കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ